9379
17/9/14

**കേരള സർക്കാർ**
**സംഗ്രഹം**

ബാലനീതി നിയമം 2000 പ്രകാരം പുനരധിവസിക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി പഠനം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 569/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 05.09.2014.

==========================================================================

പരാമർശം:- 1. 02.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.1/17250/13 നമ്പർ കത്ത്.
2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബാലനീതി നിയമം 2000 പ്രകാരം സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടേയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും പുനരധിവാസത്തിനായി ചിൽഡ്രൻസ് ഹോമുകളും ഒബ്സർവേഷൻ ഹോമുകളും സ്പെഷ്യൽ ഹോമുകളും പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ പ്രസ്തുത ഹോമുകളിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട് സമുഹത്തിലേയ്ക്ക് മടങ്ങിയ 200 കുട്ടികളെ സംബന്ധിച്ച ഒരു പഠനം നടത്തുന്നതിന് ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക്, കൊച്ചി എന്ന സ്ഥാപനം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നുവെന്നും ആയതിലേയ്ക്കായി 8,28,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ 3 ചിൽഡ്രൻസ് ഹോമുകൾ, തിരുവനന്തപുരം സ്പെഷ്യൽ ഹോം എന്നിവിടങ്ങളിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട 200 കുട്ടികളെ ഉൾപ്പെടുത്തി ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക് മുഖേന പഠനം നടത്തുന്നതിലേയ്ക്കായി ഭരണാനുമതിയും ഇതിനായി 8,28,000/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ

സംസ്ഥാന വിഹിതമായ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.